LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പ്രദേശങ്ങളിൽനിന്നും ഒഴിപ്പിക്കേണ്ടിവരുന്നവർ

* 651 [18] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട് ജില്ലയിലെ കുറ്റ്യാടി വിദ്യുച്ഛക്തി പദ്ധതി, കുറ്റ്യാടി ജലസേചനപദ്ധതി എന്നീ പ്രദേശങ്ങളിൽ നിന്നും എത്ര പേരെ ഒഴിപ്പിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) അവർക്ക് എവിടെയാണ് പകരം സ്ഥലം കൊടുക്കുന്നത് ;

(സി) ഒഴിഞ്ഞുപോകേണ്ടിവരുന്നവരിൽ നിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) കണക്കെടുത്തിട്ടില്ല.

(ബി) കുറ്റ്യാടി പ്രോജക്ടിനടുത്ത വെള്ളിപ്പൊറ മലവാരത്തിൽ കുടിയിരുത്തുവാൻ കൊടുക്കുവാനുള്ള ആലോചനയുണ്ട്.

(സി) ഇല്ല.

(ഡി) മുൻ ചോദ്യത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : കുറ്റ്യാടി ഇറിഗേഷൻ പദ്ധതി ഹൈഡ്രോ ഇലക്ട്രിക്കു പദ്ധതി മുതലായ പദ്ധതികളും വരുന്നതു കൊണ്ട് അവിടെതാമസിക്കുന്നവർക്ക് യാതൊരുവിധ ദേഹണ്ഡങ്ങളും ചെയ്യാൻ വയ്യാത്തവിധത്തിലിരിക്കുകയാണ്. അതുകൊണ്ട് കഴിയുന്നവേഗത്തിൽ തീരുമാനമെടുത്ത് മറ്റു ഭൂമികളും പതിച്ചുകൊടുക്കാൻ നടപടി എടുക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ: ഇതിനെപ്പറ്റിത്തന്നെയാണ് ഉത്തരത്തിൽ പറയുന്നത്.

ശ്രീ. എ. എ. റഹിം : ഇറക്കിവിടുന്നവർക്കെല്ലാം പകരം എന്തെങ്കിലും സ്ഥലം കൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഇങ്ങനെ ഇറക്കിവിട്ടവർക്ക് പകരം ഭൂമി കിട്ടിയിട്ടില്ലെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. എ. തൊമ്മൻ : പ്രത്യേകം ചോദ്യം ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളൂ.

പണി പൂർത്തിയാകാത്ത ജലസേചനപദ്ധതികൾ.

* 652. [19] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണി ആരംഭിച്ചിട്ട് അഞ്ചു വർഷത്തിലധികം കാലമായിട്ടും പൂർത്തിയാകാത്ത എത്ര ഇടത്തരം ജലസേചനപദ്ധതികൾ സ്റ്റേറ്റിലുണ്ട് ;

(ബി) മൂവാറ്റുപുഴ ആറ്റിൽനിന്നും വടയാർ കരിനിലങ്ങളിലേക്ക് വെട്ടിവിട്ടിരുന്ന തോടിന്റെ പണി ആരംഭിച്ചതെന്നാണ് ;

(സി) ഈ തോടിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ന് ;